**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4183** — **28-06-2024 - ൽ മറുപടിയ്ക്ക്**

**വിമാനത്താവളത്തിന്റെ പരിസര പ്രദേശത്ത് വീട് നിർമ്മിക്കുന്നതിന് നഗരസഭയുടെ എൻ.ഒ.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് വിമാനത്താവളത്തിലെ പരിസര പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിനുള്ള അനുമതിക്ക് കോഴിക്കോട് വിമാനത്താവള അധികൃതരുടെ നിരാക്ഷേപ പത്രം ഹാജരാക്കാത്തത് കാരണം 2021 മുതൽ നാളിതുവരെ എത്ര അപേക്ഷകൾ കൊണ്ടോട്ടി നഗരസഭയിൽ തീർപ്പാകാതെ കിടക്കുന്നുണ്ട് എന്നും എത്ര അപേക്ഷകൾ നിരസിക്കപ്പെട്ടിട്ടുണ്ടെന്നും വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (എ) | 2021 - 10 അപേക്ഷകൾ<br>2022 - 3 അപേക്ഷകൾ<br>2023 - 9 അപേക്ഷകൾ<br>2024 - 14 അപേക്ഷകൾ<br>കൂടാതെ ലൈഫ് ഭവന പദ്ധതിയിലെ അപേക്ഷകളും ഉൾപ്പെടെ ആകെ 51 അപേക്ഷകൾ തീർപ്പാക്കാതെ നിരസിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത അപേക്ഷകളിൽ ലൈഫ് വീട്, പട്ടികജാതി നഗറിലെ വീടുകൾ എന്നിവ ഉൾപ്പെടുന്നുണ്ടോ; എങ്കിൽ പ്രസ്തുത കാലയളവിൽ ഈ വിഭാഗങ്ങളിൽ നിന്നും എത്ര അപേക്ഷകളാണുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | ലൈഫ് വീട് ഉൾപ്പെടുന്നുണ്ട്. ലൈഫ് പദ്ധതിയിൽ 15 അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ട്. |
| (സി) | വിമാനത്താവളത്തിലെ പരിസരപ്രദേശത്ത് വീടുകളുടെ നിർമ്മാണ അനുമതിക്ക് ഇത്തരം എൻ.ഒ.സി. നിർബന്ധമാണ് എന്നതിന് എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (സി) | കേരള മുനിസിപ്പാലിററി ബിൽഡിംഗ് റൂൾ, 2019-ലെ റൂൾ നമ്പർ 5(4) (14) പ്രകാരം വിമാനത്താവള അടയാള ബിന്ദുവിൽ നിന്ന് /അല്ലെങ്കിൽ ഓരോ വിമാനത്താവളത്തിനുമായി അനുവദിച്ചിട്ടുള്ള വർണ്ണ സംജ്ഞ മേഖലകളായി തിരിച്ചിട്ടുള്ള ഭൂപട പ്രകാരമുള്ള സമീപ പ്രദേശങ്ങളുടെ 20 കിലോമീറ്ററിനുള്ളിലുള്ള കെട്ടിടങ്ങൾ/ അല്ലേങ്കിൽ തറനിരപ്പിൽ നിന്ന് 150 മീറ്ററിൽ കൂടുതൽ ഉയർച്ചയുള്ള എല്ലാ കെട്ടിടങ്ങളും എയർപ്പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ എൻ.ഒ.സി. നേടേണ്ടതുണ്ട്. |
| (ഡി) | വിമാനത്താവളത്തിന് വേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ഇലവൻ വൺ നോട്ടിഫിക്കേഷൻ (11(1)) റവന്യൂ വകുപ്പ് ഇറക്കിയിട്ടില്ലെങ്കിൽ പ്രസ്തുത ഭൂമിയിലെ വീട് നിർമ്മാണത്തിന് അനുമതി നൽകാതിരിക്കാൻ മുൻസിപ്പാലിറ്റിക്ക് അധികാരമുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കേരള മുനിസിപ്പാലിററി ബിൽഡിംഗ് റൂൾ, 2019, 5(4) 14 പ്രകാരം എൻ.ഒ.സി. ആവശ്യമായ പ്രദേശമാണെങ്കിൽ (റെഡ്സോൺ) ആയത് ലഭ്യമാകാത്തത് കൊണ്ട് നിർമ്മാണാനുമതി നിരസിക്കുന്നതിന് നഗരസഭയ്ക്ക് അധികാരമുണ്ട്. വിമാനത്താവളത്തിന് വേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ഇലവൻ വൺ |

| | | | |
|---|---|---|---|
| | | | നോട്ടിഫിക്കേഷൻ (11(1))റെഡ് സോണിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ